# CHURCH CONSECRATION



***Knanaya Catholic Region***

***St. Thomas Syro-Malabar Catholic Diocese of Chicago***

*(For private use only.)*

# ദൈവാലയ കൂദാശക്രമം

*(കാർമ്മികൻ ദൈവാലയത്തിനു പുറത്ത് സജ്ജമാക്കിയിരിക്കുന്ന മേശയുടെ സമീപം നിന്നു തിരുവസ്ത്രങ്ങളണിയുന്നു. മദ്ബഹയിലേക്കു പ്രദക്ഷിണമായി നീങ്ങുമ്പോൾ ഗായകസംഘത്തോടുചേർന്ന് സമൂഹം താഴെക്കൊടുത്തിരിക്കുന്ന ഗാനം ആലപിക്കുന്നു. കാർമ്മികൻ മദ്ബഹയിൽ പ്രവേശിച്ച്, മദ്ധ്യത്തിൽ അൾത്താരയ്ക്കഭിമുഖമായി നിൽക്കുന്നു.)*

### ഗാനം - 1

ഭവനം തിരുഭവനം - ഈ / തീർത്ഥാടന ഗേഹം
പണിതുയരുമ്പോൾ നമ്മൾ തന്നദ്ധ്വാനം / ഫലപൂർണ്ണമാകുന്നു.

കണ്ണീരോടെ വിതച്ചവരെല്ലാം / ആമോദത്തോടെ കൊയ്തീടും
അധ്വാനിച്ചു തളർന്നവരെല്ലാം / അപ്പം തിന്നു പുലർന്നീടും.

സെഹിയോൻ മലയിൽ ഒഴുകിവീണിടും / ഹെർമോനിലെ മഞ്ഞുപോലെ
ആപാദ സുന്ദരമീസങ്കേതം / അവന്റെ സിംഹാസനം.

അവരുപേക്ഷിച്ച ശിലകൾ പെറുക്കി / ആണിക്കല്ലുകളാക്കി
അവർ മുറിച്ചെറിഞ്ഞോരൊലിവിൽ നിന്നും / ആനവാതിലൊരുക്കി.

കരയും കടലും വാനുമടക്കി / കാറ്റിൻ ചിറകിലെഴുന്നള്ളു
കരുണാമയനുടെ പാദപീഠം / കതിർമഴ ചൊരിയുന്നിവിടെ.

### ഗാനം - 2

ദൈവത്തിൻ തിരുഭവനമിതാ / ദൈവജനത്തിൻ ഭവനമിതാ
സ്നേഹത്തിൻ ബലിപീഠമിതാ / നമ്മുടെ ആശാ കേന്ദ്രമിതാ
ആദ്ധ്വാനിക്കും മാനവരേ / അഭയം തേടും ദുഃഖിതരേ
ഇവിടെ കാണാം മിശിഹായേ / ഇതിലെ നിങ്ങൾ കടന്നുവരു.

പാടുക പാടുക സോദരരേ / നാഥനെ വാഴ്ത്തിപ്പാടിടുവിൻ
മണിവീണകളാൽ മുരളികളാൽ / നാഥനെ വാഴ്ത്തിപ്പാടിടുവിൻ.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. *(3 പ്രാവശ്യം)*
**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.
**സമൂഹം:** ആമ്മേൻ.



*(പൂശൽ കഴിയുമ്പോൾ ബലിപീഠം തുടച്ച് അതിന്മേൽ തുവാലകൾ വിരിക്കുകയും ബലിയർപ്പണത്തിനുവേണ്ട വസ്തുക്കൾ അതിന്മേൽ വയ്ക്കുകയും ചെയ്യുന്നു. കാർമ്മികൻ കൈകൾ കഴുകുന്നു. ഈ സമയത്തു ആലപിക്കുന്നു.)*

പവിത്രമാക്കുക വിശുദ്ധമാക്കുക
പരിപാവനമീ തിരുനിലയം
അശുദ്ധിമാറ്റി അവനിയിലെല്ലാം
വിശുദ്ധമാക്കും ജഗദീശാ

വിമലമാക്കുകീ ബലിപീഠം നീ
പരിപാവനനാം കർത്താവേ
ഈ അൾത്താരയും മദ്ബഹായിതും
നിത്യവിശുദ്ധിയിൽ ചേർക്ക ണമെ.

മുമ്പിൽ ഞങ്ങളുടെ പ്രാർത്ഥനയാം കൈ
കുമ്പിളുമായി കുമ്പിടുവാൻ
അൻപൊടുതാതാ പവിത്രമാക്കുക
നിൻ ബലിപീഠവും നിലയനവും.

കൂദാശകളുടെ നിർവ്വഹണത്തിനായ്
കൂടിടുമിവിടെ ജനലക്ഷം
അവരുടെ യാശ്രയനന്ദവനമിതു
വിശുദ്ധമാക്കുക കർത്താവേ.

*(കാർമ്മികൻ മദ്ബഹയുടെ ആദ്യപദവിയിൽ ജനങ്ങൾക്കഭിമുഖമായി നിന്നുകൊണ്ടു താഴെ വരുന്ന പ്രാർത്ഥന ചൊല്ലി മദ്ബഹാ ആശീർവ്വദിക്കുന്നു.)*

**കാർമ്മി:** ഈ ദൈവാലയവും ഈ മദ്ബഹയും ഈ ബലിപീഠവും ജീവദായക മായ കൂദാശകളുടെ പരികർമ്മത്തിനും സർവ്വശക്തനായ ദൈവത്തിന്റെ സ്തുതിക്കും പുരോഹിതന്മാരുടെയും പുരോഹിത ശുശ്രൂഷകരുടേയും ആചാര്യശുശ്രൂഷയ്ക്കുമായി വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും പൂർണ്ണമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇപ്പോഴും എപ്പോഴും + എന്നേക്കും ആമ്മേൻ.

**കാർമ്മി:** പിതാവിന്റെ നാമത്തിൽ + റൂശ്മാ ചെയ്യപ്പെടുകയും, പുത്രന്റെ നാമത്തിൽ + വിശുദ്ധീകരിക്കപ്പെടുകയും, പരിശുദ്ധാത്മാവിന്റെ നാമത്തിൽ + നവീകരിക്കപ്പെടുകയും ചെയ്യുന്നു.

**സമൂഹം:** ആമ്മേൻ.

*(തുടർന്ന് മുകളിലത്തെ പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് മദ്ബഹയുടെ വലതു ഭാഗത്തേയും ഇടതുഭാഗത്തേയും ചുവരുകൾ റൂശ്മാ ചെയ്യുന്നു. അനന്തരം തൈലപാത്രവുമായി മദ്ബഹയുടെ പ്രധാന ആർച്ചിന്റെ അടുത്തുചെന്ന് അവിടെ ഇടതുവശത്തു നിന്നുകൊണ്ട് താഴെ വരുന്ന പ്രാർത്ഥന ചൊല്ലുന്നു.)*

**കാർമ്മി:** ജീവദായകമായ കൂദാശകളുടെ പരികർമ്മത്തിനും സർവ്വശക്തനായ ദൈവത്തിന്റെ സ്തുതിക്കുമായി ഈ മദ്ബഹായുടെ പ്രവേശന കവാടം + റൂശ്മാ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ.

*(തുടർന്ന് ബേസ്ഗസായും റൂശ്മാ ചെയ്യുന്നു.)*

**കാർമ്മി:** ജീവദായകമായ കൂദാശകളുടെ സൂക്ഷിപ്പിനും സർവ്വശക്തനായ ദൈവത്തിന്റെ സ്തുതിക്കുമായി ഈ ബേസ്ഗസാ + റൂശ്മാ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** പിതാവിന്റെ നാമത്തിൽ + റൂശ്മാ ചെയ്യപ്പെടുകയും, പുത്രന്റെ നാമത്തിൽ + വിശുദ്ധീകരിക്കപ്പെടുകയും, പരിശുദ്ധാത്മാവിന്റെ നാമത്തിൽ + നവീകരിക്കപ്പെടുകയും ചെയ്യുന്നു.

*(കാസാ, പീലാസാ, കുരിശുരൂപങ്ങൾ, കബലാന, വിരികൾ മുതലായവ താഴെവരുന്ന പ്രാർത്ഥന ചൊല്ലി ആശീർവ്വദിക്കുന്നു.)*

**കാർമ്മി:** ജീവദായകമായ കൂദാശകളുടെ പരികർമ്മത്തിന് ഉപയോഗിക്കേണ്ട ഈ വസ്തുക്കൾ + റൂശ്മാ ചെയ്യപ്പെടുന്നു. + പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ.



**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ. അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്വത്താൽ / സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും / അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ.

ഞങ്ങൾക്കു ആവശ്യമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ / ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ.

എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും / എന്നേക്കും അങ്ങ യുടേതാകുന്നു. ആമ്മേൻ.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

*(കാർമ്മികനും സമൂഹവും)* സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങ യുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ. അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്വത്താൽ / സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും / അങ്ങ് പരിശു ദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളുടെ ജീവിതകാലം മുഴുവനും ഭക്തിയോടും ഭയത്തോടും അങ്ങയുടെ മുമ്പാകെ ശുശ്രൂഷ ചെയ്യുവാൻ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമെ. എല്ലാ കുറവുകളേയും പരിഹരിക്കുന്ന അങ്ങയുടെ അനന്തജ്ഞാനത്തിന്റെ ദീപ്തിയാൽ ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യേണമെ. നിത്യം പിതാവും പുത്രനും പരിശു ദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

## സങ്കീർത്തനം 84

സൈന്യങ്ങളുടെ ദൈവമായ കർത്താവേ
അങ്ങേ ഭവനം എത്ര മനോഹരമാകുന്നു.

കർത്താവിന്റെ അങ്കണം കാണുവാൻ
എന്റെ ആത്മാവ് ആശിച്ചു കാത്തിരിക്കുന്നു.

എന്റെ ഹൃദയവും ശരീരവും / ജീവനുള്ള ദൈവത്തെ പുകഴ്ത്തുന്നു.

കുരുവിയും ചെങ്ങാലിയും പാർക്കുവാൻ / കൂട് കണ്ടെത്തി.

പ്രതാപവാനായ കർത്താവേ,
അങ്ങേ ബലിപീഠത്തിനരികിൽ / അവ കുഞ്ഞുങ്ങളെ വളർത്തുന്നു.

എന്റെ രാജാവായ ദൈവമേ,
അങ്ങേ ഭവനത്തിൽ വസിക്കുന്നവർ/ എത്ര ഭാഗ്യവാന്മാരാകുന്നു.

അവർ എന്നും ഇടവിടാതെ / അങ്ങയെ പ്രകീർത്തിച്ചുകൊണ്ടിരിക്കും.

അങ്ങേ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരും
അങ്ങേ സഹായം ലഭിച്ചിട്ടുള്ളവരും / ഏറ്റവും ഭാഗ്യവാന്മാരാകുന്നു.

അവർ കടന്നുപോകുമ്പോൾ / വരണ്ട ഭൂമി ജലാശയമായി മാറും
പുതുമഴയാൽ അതു പരിപുഷ്ടമാവുകയും ചെയ്യും.

അവരുടെ ശക്തി വർദ്ധിച്ചുവരികയും / ദേവന്മാരുടെ ദേവനെ
സെഹിയോനിൽ അവർ കാണുകയും ചെയ്യും.

സൈന്യങ്ങളുടെ ദൈവമായ കർത്താവേ,
എന്റെ പ്രാർത്ഥന കേൾക്കേണമേ.
യാക്കോബിന്റെ ദൈവമേ, എന്നെ ചെവിക്കൊള്ളേണമേ.

രക്ഷകനായ ദൈവമേ ഞങ്ങളെ കടാക്ഷിക്കേണമെ
അങ്ങേ അഭിഷിക്തന്റെ മുഖം, അങ്ങു തൃക്കൺ പാർക്കണമേ.

അന്യസ്ഥലത്ത് ആയിരം ദിവസത്തേക്കാൾ
അങ്ങേ അങ്കണത്തിൽ ഒരു ദിവസം, കൂടുതൽ ഇഷ്ടപ്പെടുന്നു.



**കാർമ്മി:** സജീവവും ജീവദായകവുമായ കുരിശിന്റെ അടയാളത്തിൽ ഈ ദൈവാലയത്തിന്റെയും ബലിപീഠത്തിന്റെയും വിശുദ്ധീകരണത്തിനായി ഈ തൈലം റൂശ്മ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ.

*(കാർമ്മികൻ തൈലപാത്രം ഇടതുകൈയ്യിൽ പിടിച്ച് വലതു കൈയുടെ നടുവിലത്തെ മൂന്നു വിരലുകൾ തൈലത്തിൽ മുക്കി ബലിപീഠത്തിന്റെ മദ്ധ്യഭാഗത്തു കുരിശു വരച്ചുകൊണ്ട് ചൊല്ലുന്നു).*

**കാർമ്മി:** ജീവദായകമായ കൂദാശകളുടെ പരികർമ്മത്തിനും സർവ്വശക്തനായ ദൈവത്തിന്റെ സ്തുതിക്കുമായി ഈ ബലിപീഠം റൂശ്മാ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** *(തുടർന്നു ചൊല്ലിക്കൊണ്ടു വീണ്ടും റൂശ്മാ ചെയ്യുന്നു.)* പിതാവിന്റെ നാമത്തിൽ + റൂശ്മാ ചെയ്യപ്പെടുകയും, പുത്രന്റെ നാമത്തിൽ + വിശുദ്ധീകരിക്ക പ്പെടുകയും, പരിശുദ്ധാത്മാവിന്റെ നാമത്തിൽ + നവീകരിക്കപ്പെടുകയും ചെയ്യുന്നു.

*(കാർമ്മികൻ കുറെ തൈലം കൈകൊണ്ട് ബലിപീഠത്തിന്മേൽ തളി ക്കുകയും ബലിപീഠത്തിന്റെ മുകൾപ്പരപ്പ് തൈലംകൊണ്ട് അഭി ഷേകം ചെയ്യുകയും ചെയ്യുന്നു.)*

*(അനന്തരം മദ്ബഹായുടെ കിഴക്കേ ചുവരിന്റെ അടുത്തു ചെന്നു മുക ളിൽ പറഞ്ഞതുപോലെ മൂന്നു വിരലുകൾ തൈലത്തിൽ മുക്കി ചുവരി ന്മേൽ റൂശ്മാ ചെയ്യുന്നു.)*

**കാർമ്മി:** ജീവദായകമായ കൂദാശകളുടെ പരികർമ്മത്തിനും സർവ്വശക്തനായ ദൈവത്തിന്റെ സ്തുതിക്കുമായി ഈ സ്ഥലം റൂശ്മാ + ചെയ്യപ്പെടുന്നു. പിതാവി ന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ.

ഹീനരുമായ ഞങ്ങളും അങ്ങയോടു കേണപേക്ഷിക്കുന്നു. അങ്ങയുടെ മുമ്പിൽ ഞങ്ങൾ തികച്ചും അയോഗ്യരാണെങ്കിലും അങ്ങയുടെ ഏക ജാതന്റെ കൃപയും കാരുണ്യവും ഞങ്ങൾക്കു ധൈര്യവും പ്രത്യാശയും നല്കുന്നു. അങ്ങേക്കു ബലികളും സ്തോത്രങ്ങളും അർപ്പിക്കുവാനായി ഈ ദൈവാലയം പണിതുയർത്തുവാൻ അങ്ങു ഞങ്ങളെ അനുവദിച്ചുവല്ലോ. മോശ നിർമ്മിച്ച കൂടാരത്തിൽ വസിച്ചതുപോലെ ഈ ദൈവാലയത്തിലും അങ്ങ് എഴുന്നള്ളി വസിക്കണമേ. സെഹിയോൻ മാളികയിലെന്നപോലെ ഈ ദൈവാലയത്തിലും തന്റെ ദാനങ്ങളുമായി അങ്ങയുടെ പരിശുദ്ധറൂഹാ എഴുന്നള്ളി വരട്ടെ. കർത്താവേ, ഈ ദൈവാലയത്തെ അങ്ങു കാരുണ്യപൂർവ്വം ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യണമെ. ഈ ദൈവാലയം കഷ്ടപ്പെടുന്നവർക്ക് ആശ്വാസ കേന്ദ്രവും പീഡയനുഭവിക്കുന്നവർക്ക് സങ്കേതവും പാപികൾക്ക് അഭയസ്ഥാനവുമായിരിക്കട്ടെ. ഞങ്ങളുടെ ജീവിതകാലം മുഴുവനും ഈ ദൈവാലയത്തിൽ അങ്ങയെ പാടിസ്തുതിക്കുവാൻ ഞങ്ങൾക്ക് ഇടയാവുകയും ചെയ്യട്ടെ.

**ആർച്ചുഡീക്കൻ:** നിശബ്ദരായി, ആദരപൂർവ്വം പ്രാർത്ഥിക്കുവിൻ, സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** *(തൈലപ്പാത്രത്തിനു മുകളിൽ കൈകൾ വിരിച്ചുപിടിച്ചുകൊണ്ട്)* കർത്താവേ അങ്ങയുടെ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്ന് ഈ തൈലത്തിന്മേൽ ആവസിച്ച് ഇതിനെ ആശീർവ്വദിക്കുമാറാകട്ടെ. പാപമോചനത്തിനായുള്ള ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിനായി ഈ ബലിപീഠത്തേയും അങ്ങയുടെ തിരുനാമത്തിന്റെ സ്തുതിക്കായി ഈ ദൈവാലയത്തേയും വിശുദ്ധീകരിക്കേണമേ. നിർമ്മലതയോടും വിശുദ്ധിയോടുംകൂടെ അങ്ങേക്കു ശുശ്രൂഷ അർപ്പിക്കുവാൻ ഞങ്ങളെല്ലാവരേയും സഹായിക്കണമേ.

**കാർമ്മി:** *(സ്വരമുയർത്തി)* സ്വർഗ്ഗീയ ഗണങ്ങളോടുകൂടി ഞങ്ങളും അങ്ങേക്കു സ്തുതിയും ബഹുമാനവും ആരാധനയും കൃതജ്ഞതയും സമർപ്പിക്കുന്നു. ഇപ്പോഴും എപ്പോഴും എന്നേക്കും. *(തൈലപാത്രത്തിന്റെ മുകളിൽ കരിശു വരയ്ക്കുന്നു)*

**സമൂഹം:** ആമ്മേൻ.

*(കാർമ്മികൻ വലതുകൈയുടെ തള്ളവിരൽകൊണ്ട് തൈലത്തിൽ കുരിശു വരക്കുന്നു. അപ്പോൾ ചൊല്ലുന്നു)*



എന്തെന്നാൽ നമ്മുടെ തുണയും രക്ഷയും / ദൈവമായ കർത്താവാകുന്നു.

അവിടന്നു സഹായവും മഹത്വവും നല്കും
പരിശുദ്ധമായി ജീവിക്കുന്നവർക്കു /തന്റെ വരങ്ങൾ നിക്ഷേധിക്കുകയില്ല.

പ്രതാപവാനായ ദൈവമേ,
അങ്ങിൽ ശരണപ്പെടുന്നവരെല്ലാം / ഭാഗ്യവാന്മാരാകുന്നു.

## സങ്കീർത്തനം 150

കർത്താവിന്റെ വിശുദ്ധ ഭവനത്തിൽ /അവിടുത്തെ സ്തുതിക്കുവിൻ.

പ്രതാപം നിറഞ്ഞ ആകാശത്തിൽ / അവിടുത്തെ പ്രകീർത്തിക്കുവിൻ.

കർത്താവിന്റെ ധീരകൃത്യങ്ങളെക്കുറിച്ച് / അവിടുത്തെ സ്തുതിക്കുവിൻ.

കർത്താവിന്റെ ഉന്നത മഹിമാവിനെക്കുറിച്ച് /അവിടുത്തെ സ്തുതിക്കുവിൻ.

കാഹളമൂതിക്കൊണ്ട് / അവിടുത്തെ സ്തുതിക്കുവിൻ.

വീണകളാലും കിന്നരങ്ങളാലും / അവിടുത്തെ സ്തുതിക്കുവിൻ.

തപ്പുകളാലും മദ്ദളങ്ങളാലും / അവിടുത്തെ സ്തുതിക്കുവിൻ.

ഇമ്പമുള്ള തന്ത്രികളാൽ / അവിടുത്തെ സ്തുതിക്കുവിൻ.

കർണ്ണാനന്ദകരമായ കൈത്താളങ്ങളാൽ / അവിടുത്തെ സ്തുതിക്കുവിൻ.

ആരവംകൊണ്ടും ആർപ്പുവിളികൊണ്ടും / അവിടുത്തെ സ്തുതിക്കുവിൻ

സർവ്വജീവജാലങ്ങളും / കർത്താവിനെ സ്തുതിക്കട്ടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ദാസനായ മോശയുടെ പരിശുദ്ധമായ കൂടാരത്തിൽ അങ്ങു സ്ഥാപിച്ച സിംഹാസനം ഈ ദൈവാലയത്തിലും അങ്ങു ഉറപ്പിക്കേണമേ. സെഹിയോൻ മാളികയിൽവച്ചു ശിഷ്യന്മാർക്കു വെളിപ്പെടുത്തിയ അങ്ങയുടെ ദിവ്യപ്രഭയാൽ ഈ ദൈവാലയത്തേയും നിറയ്ക്കേണമേ. ഇതിൽ അർപ്പിക്കപ്പെടുന്ന അങ്ങയുടെ ശരീരരക്തങ്ങളുടെ ബലിവഴിയായി അങ്ങയുടെ ദാസരുടെ പാപങ്ങൾ മോചിക്കുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

## സങ്കീർത്തനം 132

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത്
എത്ര വിശിഷ്ടവും മനോഹരവുമാകുന്നു
അത് അഹറോന്റെ തൈലം പോലെയാകുന്നു.

തലയിൽനിന്നു താടിയിലേക്കും / വസ്ത്രത്തിന്റെ വിളുമ്പുകളിലേക്കും
ഒഴുകിയിറങ്ങുന്ന തൈലംപോലെ.

സെഹിയോൻ മലയിൽ പെയ്തു വീഴുന്ന
ഹെർമോനിലെ മഞ്ഞുപോലെ / അതു മനോഹരമായിരിക്കും.

അവിടെ തന്റെ അനുഗ്രഹവും നിത്യജീവനും
കർത്താവു വാഗ്ദാനം ചെയ്തിരിക്കുന്നു.

*(പ്രധാന കാർമ്മികൻ ബലിപീഠത്തിൽ വെഞ്ചരിച്ച പനിനീർ തളിക്കുകയും ധൂപിക്കുകയും ചെയ്യുന്നു. അനന്തരം ആർച്ച ഡീക്കനാൽ അനുഗതനായി മദ്ബഹയുടെ വലതുവശത്തുചെന്ന് ഭിത്തിമേൽ പനിനീർ തളിക്കുകയും ധൂപിക്കുയും ചെയ്യുന്നു. അതിനുശേഷം ഇടതുവശത്തെ ഭിത്തിയിലും തുടർന്ന് ആനവാതിൽക്കലെ ഭിത്തിയിലും പനിനീർ തളിക്കുകയും ചെയ്യുന്നു. കാർമ്മികൻ അൾത്താരയ്ക്കഭിമുഖമായി മദ്ബഹയുടെ മദ്ധ്യത്തിൽ നിൽക്കുന്നു.)*

*(ഈ സമയത്ത് ഗായകസംഘത്തോടുചേർന്ന് സമൂഹം താഴെക്കൊടുത്തിരിക്കുന്ന ഗാനം ആലപിക്കുന്നു.)*

### ഗാനം 1

സത്യ സ്വരൂപനാം നിത്യപ്രകാശമേ
മുക്തി പ്രദീപമേ കർത്താവേ
എത്ര മനോഹര, മെത്ര ചേതോഹരം
ഭക്തിയാൽ ശുദ്ധമീ ദൈവാലയം.

നിൻ തിരുരക്തം ബലികൊടുത്തു നീ
അന്ധകാരത്തിൽ വിളക്കുവച്ചു
പാപികൾക്കെന്നും പറുദീസ പൂകുവാൻ
പാത കാണിപ്പു നിൻ ദൈവാലയം.



ല്ലറയുടെ സാദൃശ്യത്തിൽ ബലിപീഠത്തേയും അങ്ങു സ്ഥാപിച്ചു. ആകയാൽ കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു. അങ്ങയുടെ ശക്തിയാലും പിതാവായ ദൈവത്തിന്റെ അനുഗ്രഹത്താലും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗത്താലും ഈ ദൈവാലയ പ്രതിഷ്ഠയുടെ ശുശ്രൂഷയെ ബലഹീനനായ ഞാൻ വഴി അങ്ങു പൂർണ്ണമാക്കേണമെ. പാപമോചകമായ അങ്ങയുടെ ദിവ്യരഹസ്യങ്ങളുടെ ബലി വിശുദ്ധിയോടും നൈർമല്യത്തോടും അർപ്പിക്കപ്പെടേണ്ടതിനായി അങ്ങയുടെ മദ്ബഹയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ ബലിപീഠത്തെ അങ്ങ് ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യ ണമേ.

*(കാർമ്മികൻ സ്വരമുയർത്തി താഴെവരുന്ന കാനോന ചൊല്ലിക്കൊണ്ടു തൈലപ്പാത്രത്തിൽ റൂശ്മ ചെയ്യുന്നു.)*

**കാർമ്മി *(കാനോന)*:** കർത്താവേ അങ്ങേയ്ക്കും അങ്ങയെ ഞങ്ങളുടെ പക്കലേയ്ക്കയച്ച അനന്ത കരുണ്യത്തിനും ജീവിക്കുന്നവനും ജീവിപ്പിക്കുന്നവനുമായ അങ്ങയുടെ പരിശുദ്ധ റൂഹായ്ക്കും ഞങ്ങൾ സ്തുതിയും ബഹുമാനവും കൃതജ്ഞതയും സമർപ്പിക്കുന്നു. ഇപ്പോഴും എപ്പോഴും എന്നേക്കും.

**ആർച്ചുഡീക്കൻ:** ബോധംകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുവിൻ സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ, ശക്തനായ ദൈവമേ, സർവ്വനന്മകളുടേയും വറ്റാത്ത ഉറവിടമേ, ഞങ്ങളുടെ ബോധവും ചിന്തകളും അങ്ങേ പക്കലേക്കു ഞങ്ങളിതാ ഉയർത്തുന്നു. കണ്ണുകൾ താഴ്ത്തി കരങ്ങളുയർത്തി ഞങ്ങൾ പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ നന്മയ്ക്കും രക്ഷയ്ക്കുമായി തലമുറകൾ തോറും അങ്ങു പ്രവർത്തിച്ചിട്ടുള്ള അത്ഭുതകൃത്യങ്ങൾ അവിടുന്നു വിസ്മരിക്കരുതേ. തൈലാഭിഷേകം വഴി അങ്ങു പൂർവ്വ പിതാക്കന്മാർക്ക് ഭരണാധികാരവും താൽക്കാലിക പൗരോഹിത്യവും നല്കിയല്ലോ. രോഗികൾക്ക് ആരോഗ്യവും വിശ്വാസികൾക്ക് ആത്മീകോപകാരവും സകല മനുഷ്യർക്കും ജീവനും ആശ്വാസവും പ്രദാനം ചെയ്യുവാൻ വേണ്ടി അങ്ങയുടെ പുത്രനും ഞങ്ങളുടെ നാഥനുമായ ഈശോമിശിഹായെ തിരഞ്ഞെടുത്ത ശ്ലീഹന്മാർക്ക് അങ്ങു ശക്തിയും അധികാരവും നല്കിയല്ലോ. താൽക്കാലികമായ ഈ വസതി വെടിഞ്ഞ്, മനുഷ്യ നിർമ്മിതമല്ലാത്ത ഞങ്ങളുടെ അനശ്വര ഗേഹത്തിലേയ്ക്കു ഞങ്ങൾ മടങ്ങേണ്ടവരാണെന്ന് തങ്ങളുടെ പ്രബോധനങ്ങൾ വഴി അവർ ഞങ്ങളെ പഠിപ്പിക്കുകയും ചെയ്തു. കർത്താവേ, എളിയവരും ബല

ണമെ. ഈ മദ്ബഹയെ അങ്ങു ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യണമേ. അങ്ങയുടെ പരിശുദ്ധാത്മാവും അതിന്മേൽ ആവസിക്കുമാറാകട്ടെ. ദൈവമായ അങ്ങ് അതിൽ വസിക്കണമെ. അങ്ങയുടെ കാരുണ്യാനുഗ്രഹങ്ങൾ അതിന്മേൽ ചൊരിയണമേ. അങ്ങയുടെ ദാസന്മാർക്കും ദാസികൾക്കുമായി ഞങ്ങൾ ഇവിടെ അർപ്പിക്കുന്ന ബലികളും പ്രാർത്ഥനകളും അങ്ങയെ പ്രസാദിപ്പിക്കുകയും ചെയ്യട്ടെ. അങ്ങയെ കുമ്പിട്ടാരാധിക്കുകയും അങ്ങയുടെ നാമം പ്രകീർത്തിക്കുകയും ചെയ്യുന്ന മലാഖമാരോടുകൂടി ഞങ്ങളും അങ്ങയെ പാടി സ്തുതിക്കുന്നു.

## ഗാനം

വാഴ്ത്തുവിനഖില ജനാവലിയേ / ഓശാനകളാൽ തിരുസുതനെ
പാടുക സ്വർഗ്ഗ നിവാസികളെ / യേശു മഹേശന് ഓശാന
ഓശാന ഓശാന

വിണ്ണിലെ നാഥന് പാടിടുക ഓശാന / മണ്ണിലെ നാഥനെ വാഴ്ത്തിടുവിൻ
പരിശുദ്ധൻ പരിശുദ്ധൻ / നിത്യം പാടി മനിച്ചീടുവാൻ

ഭൂസ്വർഗ്ഗങ്ങളിലോശാന / ഓശാന ഓശാന
ദാവീദിൻ സുതനോശാന / അത്യുന്നതങ്ങളിൽ ഓശാന.

**കാർമ്മി:** *(താഴ്ന്ന സ്വരത്തിൽ)* ഞങ്ങളുടെ കർത്താവീശോമിശിഹായേ, അങ്ങു ജീവന്റെ ഭണ്ഡാഗാരവും അനുഗ്രഹങ്ങളുടെ ഉറവിടവും കരുണയുടെ കര കാണാത്ത സമുദ്രവുമാകുന്നു. അങ്ങയുടെ ദാനങ്ങളും അനുഗ്രഹങ്ങളും എണ്ണമറ്റവയാകുന്നു. അങ്ങയുടെ വിശ്വസ്തയായ സഭയിൽ അങ്ങു പ്രവൃത്തിച്ച അത്ഭുതങ്ങൾ അവർണ്ണനീയങ്ങളത്രെ. അങ്ങയുടെ ജനത്തിനു മേൽ അങ്ങേ സ്നേഹമാധുര്യം അങ്ങു നിരന്തരം വർഷിച്ചുകൊണ്ടിരിക്കുന്നു. സ്വർഗ്ഗരാജ്യത്തിന്റെ സാദൃശ്യത്തിൽ അങ്ങു സഭയെ ഭൂമിയിൽ സ്ഥാപിച്ചു. അങ്ങേ മഹത്വത്തിന്റെ പ്രഭയാലും സ്തുതിയുടെ ശോഭയാലും അവളെ നിറയ്ക്കുകയും അങ്ങയുടെ സിംഹാസനം അവളിൽ സജ്ജമാക്കുകയും ചെയ്തു. അവിടെ ഞങ്ങളെല്ലാവരും ഒന്നു ചേർന്ന് അങ്ങേയ്ക്ക് ആരാധനയും സ്തുതിയും സമർപ്പിക്കുന്നതിനു ഞങ്ങളെ യോഗ്യരാക്കി. ശ്ലീഹന്മാരുടെ വിശ്വാസമാകുന്ന പാറമേൽ അങ്ങു സഭയെ ഉറപ്പിക്കുകയും നരക വാതിലുകൾ അവൾക്കെതിരായി പ്രബലപ്പെടുകയില്ല എന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു. ഞങ്ങൾക്കു പാപമോചനം നല്കുന്ന അങ്ങയുടെ ശരീരരക്തങ്ങളുടെ ബലി അർപ്പിക്കുവാനായി അങ്ങയുടെ തിരുക്ക



തിരുരക്തമർപ്പിച്ചു കെട്ടിപ്പടുത്തൊരീ
തിരുസഭ തൻ പുണ്യമന്ദിരത്തിൽ
നിൻ തിരുവാഴ്ച തൻ രത്നസിംഹാസനം
ശാന്തിയും കാന്തിയും ഉൾകേണമേ.

കർത്താവിന്റെ കല്ലറ അൾത്താരയായ് - നിൻ
ഭക്തന്റെ ഉള്ളറ ശ്രീകോവിലായ്
പൃഥിതലത്തിന്റെ രക്ഷകനാകാൻ - നിൻ
രക്തവും ദേഹവും നല്കിയപോൽ.

**കാർമ്മി:** സകലത്തേയും വിശുദ്ധീകരിക്കുന്ന പരിശുദ്ധനായ ദൈവമേ, അങ്ങയുടെ പരിശുദ്ധ സ്ഥലത്ത് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു പാടി മാലാഖമാർ അങ്ങയെ സ്തുതിക്കുന്നു. അങ്ങിൽ നിന്നു പരിശുദ്ധി സ്വീകരിച്ചുകൊണ്ടു ദൈവാലയങ്ങളും ഭവനങ്ങളും പവിത്രീകരിക്കപ്പെടുന്നു. അങ്ങയുടെ പരിശുദ്ധ നാമത്തിനു ബലികളും കുദാശകളും അർപ്പിക്കുവാൻ ഞങ്ങളുടെ ഈ ദൈവാലയത്തേയും അങ്ങു വിശുദ്ധീകരിക്കേണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാന്മാവുമായ സർവ്വേശ്വരാ.

**സമൂഹം:** ആമ്മേൻ.

*(വൈദികരിലൊരാൾ കുദാശ ചെയ്യാനുള്ള സൈത്ത് അടങ്ങിയ പാത്രം ശോശാപ്പകൊണ്ടു മൂടിക്കൊണ്ടുവന്നു ബലിപീഠത്തിൽ വയ്ക്കുന്നു. കാർമ്മികൻ വിശ്വാസപ്രമാണം ആരംഭിക്കുന്നു. എല്ലാവരുംകൂടി തുടരുന്നു.)*

**കാർമ്മി:** സർവ്വശക്തനും പിതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസി ക്കുന്നു.

*(സമൂഹവും ചേർന്നു തുടരുന്നു).* ദൃശ്യവും അദൃശ്യവുമായ / സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏക പുത്രനും / സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും / യുഗങ്ങൾക്കെല്ലാം മുമ്പു പിതാവിൽ നിന്നു ജനിച്ചവനും / എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും / ഏക കർത്താവുമായ / ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്നു സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും / പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. അവിടുന്നുവഴി /

പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും / എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. മനുഷ്യരായ നമുക്കുവേണ്ടിയും / നമ്മുടെ രക്ഷയ്ക്കുവേണ്ടിയും / അവിടുന്ന സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി / പരിശുദ്ധാത്മാവിനാൽ / കന്യകാമറിയത്തിൽ നിന്നു ശരീരം സ്വീകരിച്ച് / മനുഷ്യനായി പിറന്നു. പന്തിയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിക്കുകയും / സ്ലീവായിൽ തറക്കപ്പെട്ടു മരിക്കയും / സംസ്കരിക്കപ്പെടുകയും / എഴുതപ്പെട്ടിരിക്കുന്നതുപോലെ / മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. അവിടുന്നു സ്വർഗ്ഗത്തിലേക്കെഴുന്നള്ളി / പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. മരിച്ച വരേയും ജീവിക്കുന്നവരേയും വിധിക്കുവാൻ / അവിടുന്നു വീണ്ടും വരുവാനിരിക്കുന്നു. പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന / സത്യാത്മാവും ജീവദാതാവുമായ / ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും / ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏക മാമ്മോദീസായും / ശരീരത്തിന്റെ ഉയിർപ്പും / നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

**ആർച്ച് ഡീക്കൻ:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ. കാതോ ലിക്കാമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാരുടെയും / എല്ലാ പുരോഹിതന്മാരുടേയും മ്ശംശാനാമാരുടെയും / ബ്രഹ്മചാരികളുടെയും കന്യകകളുടെയും / നമ്മുടെ ജനയിതാക്കളുടേയും / സഹോദരരുടെയും പുത്രീപുത്രന്മാരുടെയും / മിശിഹായുടെ സ്നേഹിതരും വിശ്വാസികളുമായ എല്ലാ ഭരണകർത്താക്കളുടെയും / സത്യവിശ്വാസത്തോടെ മരിച്ച് ഈ ലോകത്തിൽ നിന്ന് വേർപെട്ടുപോയ എല്ലാവരുടേയും / ഈ സ്ഥലത്തും എല്ലാ സ്ഥലങ്ങളിലുമുള്ള പ്രവാചകന്മാരുടേയും ശ്ലീഹന്മാരുടേയും / രക്തസാക്ഷികളുടേയും വന്ദകരുടേയും ഓർമ്മയ്ക്കുവേണ്ടി / നിങ്ങൾ പ്രാർത്ഥിക്കുവിൻ. മരിച്ചവരിൽ നിന്നുള്ള ഉയർപ്പിൽ അവരെ മുടിധരിപ്പിക്കുവാനിരിക്കുന്ന ദൈവം / അവരോടുകൂടി നമുക്കും / സ്വർഗ്ഗത്തിൽ നല്ല ശരണവും ഭാഗഭാഗിത്വവും / ജീവനും അവകാശവും നല്കട്ടെ.

*(കാർമ്മികൻ മൂന്നുപ്രാവശ്യം ആചാരം ചെയ്ത് ബലിപീഠത്തെ സമീപിക്കുന്നു. ആചാരം ചെയ്യുമ്പോൾ താഴെക്കാണുന്ന പ്രാർത്ഥന താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.)*

**കാർമ്മി:** കർത്താവേ, ബലവാനായ ദൈവമേ, ബലഹീനനായ എന്നെ സഹായിക്കേണമേ. ദൈവാലയ പ്രതിഷ്ഠയുടെ ഈ ശുശ്രൂഷ യഥാ



യോഗ്യം നിർവ്വഹിക്കുവാൻ എന്നെ യോഗ്യനാക്കണമേ. എന്റെ പ്രാർത്ഥനകൾ അങ്ങയുടെ മുമ്പിൽ സ്വീകാര്യമാകട്ടെ. അങ്ങയുടെ ആരാധ്യമായ ത്രീത്വത്തിന്റെ സ്തുതിക്കും അങ്ങയുടെ പരിശുദ്ധ നാമത്തിന്റെ ബഹുമാനത്തിനും അങ്ങയുടെ ജനത്തിന്റെ നന്മയ്ക്കുമായി അങ്ങയുടെ ശരീരരക്തങ്ങളുടെ രഹസ്യങ്ങൾ പരികർമ്മം ചെയ്യപ്പെടേണ്ടതിനായി ഈ പ്രതിഷ്ഠാ ശുശ്രൂഷയെ അങ്ങു പരിപൂർണ്ണമാക്കണമേ. അങ്ങയുടെ കൃപയും കാരുണ്യവും ഞങ്ങളുടെമേൽ സമൃദ്ധമായി വർഷിക്കുകയും ചെയ്യണമെ.

**കാർമ്മി:** നിങ്ങൾക്കു സമാധാനം. *(ജനങ്ങളെ ആശീർവ്വദിക്കുന്നു)*

**സമൂഹം:** അങ്ങേയ്ക്കും സമാധാനം.

*(കാർമ്മികൻ തൈലപ്പാത്രത്തിന്റെ മൂടി (ശോശപ്പാ) മാറ്റുന്നു. അനന്തരം ചൊല്ലുന്നു.)*

**കാർമ്മി:** നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവ ത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നാമെല്ലാവരോടും കൂടെയുണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

*(തൈലപാത്രത്തിൽ റൂശ്മ ചെയ്യുന്നു.)*

**കാർമ്മി:** നിങ്ങളുടെ ചിന്തകൾ ഉന്നതത്തിലേക്കുയരട്ടെ.

**സമൂഹം:** അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ഇസ്രായേലിന്റെയും ദൈവമേ, ആരാധ്യനായ രാജാവേ, അങ്ങയുടെ പക്കലേക്ക്.

**കാർമ്മി:** സകലത്തിന്റെയും നാഥനായ ദൈവത്തെ നമുക്ക് ആരാധിക്കുകയും സ്തുതിക്കുകയും ഏറ്റുപറയുകയും ചെയ്യാം.

**സമൂഹം:** അത് ന്യായവും യുക്തവുമാകുന്നു.

**കാർമ്മി:** *(താഴ്ന്ന സ്വരത്തിൽ)* കരുണയുള്ള പിതാവായ ദൈവമേ, അങ്ങയുടേയും അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായുടേയും ജീവദാതാവായ അങ്ങയുടെ പരിശുദ്ധ റൂഹായുടേയും നാമത്തിൽ ഞങ്ങൾ അങ്ങയോടു പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്നു. അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കുന്നവരുടെ മദ്ധ്യത്തിൽ എഴുന്നള്ളി അവരെ അനുഗ്രഹിക്കുമെന്നു അങ്ങു വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. ഈ വാഗ്ദാനം നിറവേറ്റുവാനായി അങ്ങു ഇപ്പോൾ ഞങ്ങളുടെ പക്കൽ എഴുന്നള്ളേ